# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 2475** **05.02.2018- ൽ മറുപടിയ്ക്ക്**

## എഫ്.ആർ.ഡി.ഐ. ബിൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കൃഷ്ണൻകുട്ടി,**<br>**ശ്രീ. സി.കെ.നാണു,**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. കെ.ബി. ഗണേഷ് കുമാർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| കേന്ദ്രം കൊണ്ടു വരുന്ന എഫ്.ആർ.ഡി.ഐ. (ഫിനാൻഷ്യൽ റെസല്യൂഷൻ ആൻഡ് ഡെപ്പോസിറ്റ് ഇൻഷുറൻസ് ബിൽ 2017) ബില്ല് പാസ്സായാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെയും നിക്ഷേപകരെയും എങ്ങനെയെല്ലാമാണ് ബാധിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | കേന്ദ്ര സർക്കാർ പാർലമെന്റിൽ 2017 ആഗസ്റ്റ് മാസത്തിൽ അവതരിപ്പിച്ച ഫിനാൻഷ്യൽ റെഗുലേഷൻ ആന്റ് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ബിൽ പാസ്സായാൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെയും അതിലെ നിക്ഷേപകരെയും ചുവടെ പറയും പ്രകാരം ബാധിക്കുമെന്ന് കരുതുന്നു.<br><br>1. റിസർവ്വ് ബാങ്കിന്റെ ലൈസൻസ് ഇല്ലാത്ത പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപകരെ ഈ ബില്ലിലെ വ്യവസ്ഥകൾ ഒരു തരത്തിലും ദോഷകരമായോ, ഗുണപരമായോ ബാധിക്കുന്നില്ല.<br>2. ഈ ബില്ലിലെ Bail-in-clause പ്രകാരം ഒരു തുക ബാങ്കിംഗ് സ്ഥാപനം സാമ്പത്തിക പ്രതിസന്ധിയിലായാൽ നിക്ഷേപകരുടെ നിക്ഷേപതുക ആ ബാങ്കിലെ ഓഹരി (ഷെയർ) ആയി മാറ്റാനോ, നിക്ഷേപം റദ്ദ് ചെയ്യാനോ വ്യവസ്ഥയുണ്ട്. (പൊതുജനങ്ങളുടെ നിക്ഷേപം ബാങ്കുകളുടെ ബാധ്യതയാണ്. (ലയബിലിറ്റി)) ഇപ്രകാരമുള്ള bail-in-clause ഉപയോഗിക്കുന്നതിന് നിക്ഷേപകരുടെ സമ്മതം തുക നിക്ഷേപിക്കുമ്പോൾ നൽകിയിട്ടുണ്ടെങ്കിൽ ആയത് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.<br>3. ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം ബാങ്കുകൾ പ്രതിസന്ധിയിലായാൽ ഇക്കാര്യം കൈകാര്യം ചെയ്യുന്നതിനു വേണ്ടി പുതുതായി രൂപീകരിക്കുന്ന റെസല്യൂഷൻ കോർപ്പറേഷൻ എന്ന |

സ്ഥാപനത്തിന് പ്രതിസന്ധിയിലായ ബാങ്കിന്റെ നിക്ഷേപ ബാധ്യത റദ്ദാക്കാനോ, ഭേദഗതി ചെയ്യാനോ, പരിഷ്കരിക്കാനോ അധികാരം ഉണ്ടായിരിക്കും. (നിക്ഷേപം ഓഹരിയാക്കി മാറ്റാം)

4. ഈ ബിൽ പാസ്സായാൽ മുൻപ് നിലവിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി ആക്ട് ഇല്ലാതാകുകയും ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷൻ ഇല്ലാതാകുകയും ചെയ്യും.
5. ബില്ലിലെ അദ്ധ്യായം XVII ൽ അർഹതയുള്ള സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ഈ ബില്ലിലെ വകുപ്പ് 2 (7) ലെ നിർവ്വചനപ്രകാരം സഹകരണ ബാങ്കുകൾ എന്നാൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 56 (CCV) യിൽ നിർവചിച്ചിട്ടുള്ള പ്രൈമറി സഹകരണ ബാങ്ക് എന്നിവയാണ്.
6. ബില്ലിലെ വകുപ്പ് 22 പ്രകാരം ബാങ്കുകൾ (സർവീസ് പ്രൊവൈഡർ) റെസല്യൂഷൻ കോർപ്പറേഷൻ നിശ്ചയിക്കുന്ന പ്രീമിയം അടയ്ക്കണം. എന്നാൽ ബാങ്കുകൾ പ്രതിസന്ധിയിലായാൽ എത്ര തുക വരെ നിക്ഷേപ പരിരക്ഷ ലഭിക്കുമെന്ന് വ്യക്തതയില്ല. നിലവിൽ ലഭിക്കുന്ന ഒരു ലക്ഷം രൂപയിൽ അധികരിച്ചോ, ഒരു ലക്ഷം രൂപയിൽ കുറവോ പരിരക്ഷ ലഭിക്കാം. ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടാൽ ആസ്തിയേക്കാൾ ബാധ്യത കൂടിയാൽ ബാധ്യത റദ്ദ് ചെയ്യാനോ (നിക്ഷേപം ബാധ്യതയാണ്), നിക്ഷേപം ഓഹരിയാക്കി മാറ്റാനോ കോർപ്പറേഷന് അധികാരം ഉണ്ടായിരിക്കും.
7. ഈ ബില്ലിലെ വകുപ്പ് 121 ൽ ഇൻഷേ്വഡ് സഹകരണ ബാങ്കുകളെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള നിയമവ്യവസ്ഥ പ്രകാരം റിസർവ്വ് ബാങ്കിന്റെ ലൈസൻസുള്ള സഹകരണ ബാങ്കുകളെ ലിക്വിഡേറ്റ് ചെയ്യേണ്ടത് അതാതു

സംസ്ഥാനങ്ങളിലെ സഹകരണ നിയമത്തിലെ വ്യവസ്ഥ പ്രകാരമാണ്. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥ പ്രകാരം അർഹതയുള്ള സഹകരണ ബാങ്കുകളെ (എലിജിബിൾ കോ-ഓപ്പറേറ്റീവ് ബാങ്ക്) ബില്ലിലെ വ്യവസ്ഥ പ്രകാരം ലിക്വിഡേറ്റ് ചെയ്യാം.

8. ബില്ലിലെ വ്യവസ്ഥ പ്രകാരം "ക്രിട്ടിക്കൽ" എന്ന സാമ്പത്തിക അവസ്ഥ നേരിടുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ഭരണം റെസല്യൂഷൻ കോർപ്പറേഷന് നേരിട്ട് ഏറ്റെടുത്ത് നടത്താനും ഭരണസമിതിയെ പിരിച്ചുവിടാനും അധികാരമുണ്ട്.

9. റെസല്യൂഷൻ കോർപ്പറേഷൻ സാമ്പത്തിക സ്ഥാപനങ്ങളെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ലോ, മോഡറേറ്റ്, മെറ്റീരിയൽ, ക്രിട്ടിക്കൽ എന്നിങ്ങനെ തരംതിരിക്കാം. മെറ്റീരിയൽ, ക്രിട്ടിക്കൽ കാറ്റഗറിയിൽ തരംതിരിക്കപ്പെടുന്ന സ്ഥാപനങ്ങൾ 90 ദിവസത്തിനകം അവയുടെ നിയന്ത്രണാധികാരികളായ റിസർവ്വ് ബാങ്ക്, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് Restoration Plan നും, റെസല്യൂഷൻ കോർപ്പറേഷന് Resolution plan നും നൽകിയിരിക്കണം.

10. പുതിയ ബില്ലിലെ വ്യവസ്ഥ പ്രകാരം ബാങ്കുകൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടാൽ ആസ്തികൾ വിൽപ്പന നടത്തി ലഭിക്കുന്ന തുകയിൽ നിന്നും ആദ്യം തന്നെ നിക്ഷേപതുക നൽകാൻ വ്യവസ്ഥയുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**